LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിലും അനുബന്ധ സ്ഥാപനങ്ങളിലും വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാഹന ദുരുപയോഗം തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 24-2-2003 തീയതിയിലെ 113/2003/ധന. നമ്പർ സർക്കാർ (കൈ.) ഉത്തരവ്, സർക്കുലർ നമ്പർ 41/2008/ധന. തീയതി 2-8-2008, 20-2-2010 തീയതിയിലെ 293/2010/ധന. നമ്പർ സർക്കാർ (അച്ചടി) ഉത്തരവ് എന്നിവയിലൂടെ വാഹന ദുരുപയോഗം തടയുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

ജനസമ്പർക്ക പരിപാടി

11 (3103) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്കപരിപാടിയുടെ നടത്തിപ്പിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്നും പ്രസ്തുത പരിപാടിയിലൂടെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അപേക്ഷകളിൽ എത്ര എണ്ണം സാമ്പത്തിക ആനുകൂല്യങ്ങൾക്ക് (ചികിത്സാ ചെലവ് ഉൾപ്പെടെ) വേണ്ടിയുള്ളതായിരുന്നു; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിൽ എത്ര അപേക്ഷകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചു;

(സി) സാമ്പത്തിക സഹായം ഒഴിച്ചുള്ള എത്ര അപേക്ഷകൾ ഇതിനകം തീർപ്പാക്കിയെന്ന് വർഷവും ജില്ലയും തിരിച്ചു വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി ജില്ലാ തലത്തിൽ ചെലവായ തുകയും അക്ഷയയ്ക്കും സി-ഡിറ്റിനും നൽകിയ തുകയും വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന ചെലവഴിച്ച തുകയും ഉൾപ്പെടെ നാളിതുവരെ ആകെ 20,96,33,807 രൂപ ചെലവഴിച്ചിട്ടുണ്ട്. അക്ഷയയ്ക്കും സി-ഡിറ്റിനും നൽകിയ

തുകയും വിവര-പൊതുജന സമ്പർക്ക വകുപ്പ് മുഖേന ചെലവഴിച്ച തുകയും ഒഴികെ ജില്ലാ തലത്തിൽ ചെലവായ തുകയും അപേക്ഷകളുടെ എണ്ണവും വർഷവും ജില്ല തിരിച്ച് അനുബന്ധം ഒന്നിൽ* ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം രണ്ടിൽ* ചേർത്തിരിക്കുന്നു.

(സി) അനുബന്ധം മൂന്നിൽ* ചേർത്തിരിക്കുന്നു.

ജനസമ്പർക്ക പരിപാടിയിലെ പരാതിക്കുള്ള പരിഹാരം

12 (3105) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണപ്പെട്ട അച്ഛനും അമ്മയും എടുത്ത ലോണിന് ജാമ്യം നൽകിയ കിടപ്പാടം ജപ്തി ചെയ്യരുതെന്ന് കാണിച്ച് വൈക്കം താലൂക്കിൽ മുട്ടുചിറ വില്ലേജിൽ വാലാച്ചിറ കരയിൽ കുമാരി ദിവ്യ മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ ലോൺ എഴുതി തള്ളണമെന്നുകാണിച്ച് രണ്ട് പ്രാവശ്യം നൽകിയിരുന്ന പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഫയൽ നമ്പർ വ്യക്തമാക്കാമോ; ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; കടമുരുത്തി സഹകരണ ബാങ്ക് ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) കുമാരി ദിവ്യ ജനസമ്പർക്ക പരിപാടികളിൽ നൽകിയ രണ്ട് പരാതികളും കോട്ടയം ജില്ലയിലെ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർക്ക് (ജനറൽ) നൽകുകയും അവയിൽ ഒന്നാമത്തേതിന് വായ്പ തീർക്കുന്നപക്ഷം 68,600 രൂപ പലിശയിനത്തിൽ ഇളവ് നൽകാമെന്നും രണ്ടാമത്തെ പരാതിക്ക് പലിശയിനത്തിൽ 9846 രൂപ ഇളവ് നൽകാമെന്നും കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) പരാതികളുടെ ഫയൽ നമ്പർ യഥാക്രമം KTXQ 208297, ML 505460 എന്നിവയാണ്. പ്രസ്തുത വായ്പയിൽ മുതലിനത്തിൽ 59,376 രൂപയും പലിശയും പിഴപ്പലിശയുമായി 71,970 രൂപയും ഉൾപ്പെടെ 1,31,346 രൂപ അടയ്ക്കുവാനുണ്ട്. മുതലിനത്തിലുള്ള 59,376 രൂപ അടയ്ക്കുകയാണെങ്കിൽ പലിശയിളവ് നൽകാമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. ജപ്തി നടപടികൾ ഒഴിവാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly